(ബി) ഇതിൽ ഏതൊക്കെ സ്റ്റേഷന്റെ പണി പൂർത്തിയായി;

(സി) ഇതുകൊണ്ട് പ്രയോജനം ലഭിക്കുന്ന മേഖലകൾ ഏതെല്ലാമാണ്;

(ഡി) കൊണ്ടന്നൂർ 33 കെ. വി. സ്റ്റേഷന്റെ പണി എന്ന് പൂർത്തിയാകും; പോർക്കളം പഞ്ചായത്ത് പ്രദേശത്തിന് ഇതുകൊണ്ടുള്ള പ്രയോജനം വെളിപ്പെടുത്തുമോ?

ഉത്തരം

(എ ആന്റ് ബി) കുന്ദംകുളം നിയോജകമണ്ഡലത്തിൽ കുന്ദംകുളം 66 കെ. വി. സബ്സ്റ്റേഷനും മുണ്ടൂർ 33 കെ. വി. സബ്സ്റ്റേഷനും നിലവിലുണ്ട്. പറപ്പൂർ 33 കെ.വി. സബ്സ്റ്റേഷന്റെ നിർമ്മാണ പ്രവർത്തികളും കുന്ദംകുളം 66 കെ.വി. സബ്സ്റ്റേഷനെ 110 കെ. വി. ആക്കി ഉയർത്തുന്ന ജോലിയും നടന്നുവരുന്നു.

(സി) ഇതുകൊണ്ട് പ്രയോജനം ലഭിക്കുന്ന മേഖലകൾ:

ചൊവ്വന്നൂർ, പഴഞ്ഞി, കേച്ചേരി, മുണ്ടൂർ, പുച്ചപ്പള്ളി, അഞ്ഞൂർ, ചിറവക്കായ, കൂനമൂച്ചി, പാറന്നൂർ, പെരുമണ്ണ്, പറപ്പൂർ എന്നിവയാണ്.

(ഡി) കൊണ്ടന്നൂർ സബ്സ്റ്റേഷന്റെ പണി 2004 ആഗസ്റ്റിൽ പൂർത്തിയാകും. പോർക്കളം പഞ്ചായത്ത് പ്രദേശത്ത് വോൾട്ടേജ് ക്ഷാമം പരിഹരിക്കപ്പെടുന്നതാണ്.

പുതുതായി നൽകിയ വൈദ്യുതി കണക്ഷനുകൾ

22 [1706] ശ്രീ. വി. കെ. സി. മമ്മത്കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് പുതുതായി എത്ര വൈദ്യുതി കണക്ഷനുകൾ നൽകിയിട്ടുണ്ട്;

(ബി) ഇതേ കാലയളവിൽ കഴിഞ്ഞ ഗവൺമെന്റിന്റെ കാലഘട്ടത്തിൽ എത്ര വൈദ്യുതി കണക്ഷനുകൾ നൽകിയിട്ടുണ്ട്;

(സി) സംസ്ഥാനത്ത് വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിനുവേണ്ടി എത്ര ലോ ടെൻഷൻ/ഹൈ ടെൻഷൻ അപേക്ഷകരാണ് പണമടച്ച് കാത്തിരിക്കുന്നതെന്ന് വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 9,73,851

(ബി) 9,40,716

(സി) കണക്ഷൻ ലഭിക്കാനുള്ള അപേക്ഷകരുടെ എണ്ണം താഴെ പറയും പ്രകാരമാണ്.

എൽ. ടി.-4,98,217

എച്ച്. ടി.-12

കാസർഗോഡ് ജില്ലയിൽ വൈദ്യുതി കണക്ഷനുവേണ്ടിയുള്ള പ്രവൃത്തികൾ

23 [1707] ശ്രീ. കെ. വി. കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വൈദ്യുതി കണക്ഷനുവേണ്ടി ഇക്കഴിഞ്ഞ മൂന്ന് വർഷത്തിനിടെ എത്ര തുക കെ.എസ്.ഇ.ബി.-യിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ടെന്ന് പഞ്ചായത്ത് തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ;

(ബി) ഇവയിൽ എത്ര പ്രവൃത്തികൾ പൂർത്തിയാക്കിയിട്ടുണ്ടെന്നും ഇനി എത്ര എണ്ണം പൂർത്തിയാക്കാനുണ്ടെന്നും പ്രത്യേകം പ്രത്യേകം വ്യക്തമാക്കാമോ;

(സി) പൂർത്തിയാക്കാനുള്ള പ്രവൃത്തികൾ എന്ന് പൂർത്തിയാക്കാനാവും എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ ആന്റ് ബി) വിശദവിവരം † അനുബന്ധമായി ചേർത്തിട്ടുണ്ട്.

(സി) കെ.എസ്.ഇ.ബി.-യുടെ മറ്റ് പദ്ധതികളിൻ കീഴിലുള്ള പ്രവൃത്തികളുടെ നിർവ്വഹണം സാധന സാമഗ്രികളുടെ ലഭ്യത എന്നിവയ്ക്ക് കൂടി വിധേയമായി മുൻഗണനാടിസ്ഥാനത്തിൽ ചെയ്തുതീർക്കുന്നതാണ്.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly